# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ഏറാമല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 3/985/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 09/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏറാമല ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 3/985/2022

തീയ്യതി: 09/06/2022

## കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 31-05-2022 | 04-06-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 31-05-2022 | 04-06-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ ടി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഫ്സൽ ടി.എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.കെ ഭാസ്കരൻ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ഷക്കീല ഈങ്ങോളി | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| പി.സുരേഷ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയ (മുത |
|---|---|---|
| ഷിജിത്ത് | അസി.എഞ്ചിനീയർ | 01-04 2020 |
| സിന്ധു.പി.ജെ | അസി. സെക്രട്ടറി | 01-04 2020 |
| പ്രീത.എൻ വിജയൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04 2020 |
| നൂർജഹാൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 08-01 2021 |
| അഞ്ജന രാജേന്ദ്രൻ | കൃഷി ഓഫീസർ | 01-04 2020 |
| ഡോ.ഷൈനി എം നമ്പീശൻ | വെറ്ററിനറി സർജൻ | 01-04 2020 |
| ഡോ.സജിന | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04 2020 |
| ഡോ.ഉസ്മാൻ.പി.കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04 2020 |
| അനീഷ്. | വി.ഇ.ഒ | 01-04 2020 |
| പ്രത്യുഷ രാജ് | വി.ഇ.ഒ | 01-04 2020 |
| സോജോ എ നെറ്റോ | വി.ഇ.ഒ | 03-11 2020 |
| ശ്രീജിത്ത് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04 2020 |
| ദിൽന ഡി കെ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04 2020 |
| ഡോ.സുശാന്ത് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04 2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം ) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | 2020-21 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകങ്ങൾ | 1-6-1 |
| 9 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MGNREGS) അവലോകനം | 1-6 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല | 1-9 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-10 |
| 14 | ഗ്രാമ പഞ്ചായത്തിന്റെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്തില്ല - വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു. | 1-11 |
| 15 | ബഡ്സ് സ്കൂൾ നിർമ്മാണം അനിശ്ചിതത്വത്തിൽ - ലഭ്യമായ ഫണ്ട് പാഴാക്കുന്നു | 1-12 |
| 16 | തൻവർഷ പദ്ധതി ചെലവ് തുച്ഛം - മൂന്നിൽ രണ്ട് ചെലവും സ്പിൽ ഓവർ പദ്ധതികൾക്ക് | 1-13 |
| 17 | സംയുക്ത പദ്ധതികൾക്കായി വിഹിതം ലഭിച്ചതും നിലവിൽ ഉപേക്ഷിച്ചതുമായ പദ്ധതികളുടെ വിഹിതം തിരികെ അടവാക്കിയില്ല | 1-14 |

| | | |
|---|---|---|
| 18 | പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിൽ കാലതാമസം / ടെണ്ടർ മത്സരാധിഷ്ഠിതമല്ല | 1-15 |
| 19 | കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 1-16 |
| 20 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിലേയ്ക്കാടുക്കിയില്ല, അന്യായമായി ബാങ്ക് ചാർജ്ജുകൾ ഈടാക്കുന്നു | 1-17 |
| 21 | പൊതുമരാമത്ത് പദ്ധതികൾ - രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 22 | കൃഷി ഭവനിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നാളിതു വരെ ലഭിച്ചില്ല. | 1-19 |
| 23 | കേടായ തെങ്ങുകൾ മുറിച്ച് മാറ്റി പകരം തെങ്ങിൻ തൈകൾ നടൽ - ഈടാക്കിയ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല. | 1-20 |
| 24 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 1-21 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ - അപാകതകൾ | 1-22 |
| 26 | മെറിറ്റോറിയസ് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയതിലെ അപാകതകൾ | 1-23 |
| 27 | പത്താം തരം തുല്യതാ കോഴ്സ് ഫീ അടവാക്കൽ - അപാകതകൾ | 1-24 |
| 28 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സ്റ്റോക്ക് എൻട്രി വിവരങ്ങൾ ലഭ്യമല്ല | 1-25 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ, വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# <u>ഭാഗം -1</u>

# <u>പൊതു അവലോകനം</u>

## <u>1-1 ബജറ്റ്</u>

2020-21 – ലെ ബജറ്റ് 25-03-2020 – ലെ 2/1 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 19-02-2021 – ലെ 56 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

**എ) <u>തനത് വരുമാനം – എസ്റ്റിമേറ്റ് തുക ക്രമാതീതം</u>**

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്കു പ്രകാരം വരവ് |
|---|---|---|
| 110-നികുതി വരവ് | 9600000 | 6167640 |
| 130-നികുതിയിതര വരവുകൾ | 901000 | 697436 |
| 140-നികുതിയിതര വരവുകൾ | 855000 | 602164 |
| 150-സെയിൽ&ഹയർ ചാർജ്ജസ് | 140000 | 23778 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല. തുടർ വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുമ്പോൾ, അപാകതകൾ പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## <u>1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ</u>

1.പ്രതിമാസ റികൺസീലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ 59,76,049/- രൂപ പഞ്ചായത്ത് ഫണ്ടിൽ

അവശേഷിക്കുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. ഈ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കണ്ടതാണ്.

3.ബാലൻസ് ഷീറ്റ് B 7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – ചട്ടം 79, KFC Volume 1 Article – 282 പ്രകാരം , തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

4.കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – റൂൾ 62 - 4 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ സംഖ്യകൾ പൂർണ്ണരൂപയിലാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികകളിൽ പൂർണ്ണരൂപയിൽ അല്ലാത്ത സംഖ്യകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

5.ലോൺ രജിസ്റ്റർ പ്രകാരം സാമ്പത്തിക വർഷാവസാനം തിരിച്ചടവാക്കാനുള്ള KURDFC ലോൺ ബാലൻസ് തുക 1,52,46,689/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം ഇത് 1,52,47,414 രൂപയാണ്. ഇവ തമ്മിൽ 725/- രൂപയുടെ വ്യത്യാസം കാണുന്നു.

6.ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല. നിലവിൽ ഈ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. (SBI ERAMALA – AC No. 38795542185). ഓഡിറ്റ് വേളയിൽ (01-06-2022 ന്) ഈ അക്കൗണ്ടിൽ 27,654/- രൂപ നീക്കിയിരിപ്പുണ്ട്. ഇത് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 27-04-2021 ന് ഓഡിറ്റിന് (Online ആയി) സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 24630245 |
| വരവ് | 81727058 |
| ആകെ | 106357303 |

| | |
|---|---|
| ചെലവ് | 83139084 |
| നീക്കിയിരിപ്പ് | 23218219 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

### ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ. കെ. എം. തയ്യാറാക്കിയ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (റോഡ്), എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 72355039 | 19202305 |
| വികസനഫണ്ട് (എസ്.സി.പി) | 6457555 | 2477255 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 24627293 | 21911293 |

അപാകതകൾ ഐ. കെ. എം.- മായി ബന്ധപ്പെട്ട് പരിഹരിക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13070305 | 13070305 | 13070305 | 0 | 100 ശതമാനം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ചെലവ ഴിച്ചു |
| വികസന ഫണ്ട് (എസ്. സി. പി.) | 0 | 2150681 | 2150681 | 2143120 | 7561 | **99.6% ചെലവ ഴിച്ചു** |
| മെയിന്റനൻസ് (റോഡ്) | 0 | 17293000 | 17293000 | 17265150 | 27850 | 99.8 ചെല വഴിച്ചു |
| മെയിന്റനൻസ് (നോൺ റോഡ്) | 0 | 4517839 | 4517839 | 4517839 | 0 | 100 ശത മാനം ചെലവ ഴിച്ചു |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 10734799 | 10734799 | 6789111 | 3945688 | 63.2 |
| ധനകാര്യ കമ്മീ ഷൻഗ്രാന്റ് (Tied) | 0 | 6060000 | 6060000 | 1205736 | 4854264 | 19.9 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 28047526 | 28047526 | 28047526 | 0 | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് ഭരണ ചെലവ്) | 520726 | 991565 | 1512291 | 791473 | 720818 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 1640163 | 539000 | 2179163 | 539000 | 1640163 | ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ വലിയ തുക ചെലവഴിക്കാതെ കിടക്കുന്നു |
| | ബ്ലോക്ക് പഞ്ചായത്ത് | 4335886 | 3450421 | 7786307 | 3450421 | 4335886 | |

## 1-5 പദ്ധതി അവലോകനം

എ)

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 199 | 101452987 | 150 | 49 | 60230560 | 59.4 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 199 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 150 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 101452987 രൂപ വകയിരുത്തിയതിൽ 60230560 രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു.

ബി) യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | ചെലവഴിക്കാത്ത | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | തുക | |
| വികസന ഫണ്ട്(ജനറൽ) | 13070305 | 13070305 | 0 | 100 % |
| വികസന ഫണ്ട് (എസ്.സി.പി) | 2150681 | 2143120 | 7561 | **99.6%** |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 10734799 | 6789111 | 3945688 | 63.2% |
| *(ശുചിത്വം, ഖരമാലിന്യ സംസ്കരണം,*കസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)വി *പദ്ധതികൾ തുടങ്ങി വിവിധങ്ങളായ കുടിവെള്ള പദ്ധതികൾ, ജല സംരക്ഷണ ആവശ്യങ്ങൾക്കാണ് ഈ തുക ഉപയോഗിക്കേണ്ടിയിരുന്നത്.എന്നാൽ ഈ തുകയുടെ 19.9 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്)* | 6060000 | 1205736 | 4854264 | 19.9% |
| മെയിന്റനൻസ് – റോഡ് | 17293000 | 17265150 | 27850 | 99.8% |
| മെയിന്റനൻസ് – നോൺ - റോഡ് | 4517839 | 4517839 | 0 | 100 % |
| ആകെ | 53826624 | 44991261 | 8835363 | 83.6 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ വാർഷിക പദ്ധതിയ്ക്കായി സർക്കാരിൽ നിന്നും ലഭ്യമായ 53826624 രൂപയിൽ 8835363 രൂപ സാമ്പത്തിക വർഷത്തിൽ ചെലഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. ഇതിൽ 8799952/- രൂപയും (99.6%) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽപ്പെട്ടതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് യഥാസമയം ചെലവഴിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും നടപ്പാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**<u>1-6-1 2020-21 കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പ്രധാന അപാകങ്ങൾ</u>**

1. പദ്ധതികളുടെ പ്രാരംഭ നിലയിലുള്ള കൃത്യതയാർന്ന ആസൂത്രണം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകർ ലഭ്യമാക്കുന്ന രേഖകളുടെ നിജസ്ഥിതി ഉറപ്പുവരുത്തും വിധമുള്ള പ്രാരംഭ വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

2. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ച കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തി സ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലുകളിലും ചേർത്തിട്ടില്ല.

3. സൈറ്റ് ഡയറി വിവരങ്ങൾ പൂർണ്ണമല്ല.

4. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവഹിച്ച കാണുന്നില്ല. പ്രവൃത്തിയുടെ ഒരു ഫയലിലും കമ്മറ്റി രേഖപ്പെടുത്തലുകൾ ഇല്ല. ദേശീയ പ്രാധാന്യമുള്ള പദ്ധതിയെ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത ഉണ്ടാകേണ്ടതാണ്.

5. സ്ഥിര ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. അതത് വർഷത്തെ ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

6. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹതാ മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്.

7. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എഞ്ചിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്..

8. പദ്ധതികളുടെ തുടർ മോണിറ്ററിംഗ് നിർവഹിക്കേണ്ടതാണ്. പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കും വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ തൊഴിൽ മേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണ നിർവഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MGNREGS) അവലോകനം

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 5470

ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ : 8083

100 ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ : 78

2020-21 സാമ്പത്തിക വർഷത്തെ ആകെ ചെലവ് : 28861973/-

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| വിദഗ്ദ വേതനം | 866670 |
| അവിദഗ്ദ വേതനം | 25465814 |
| മെറ്റീരിയൽ തുക | 1715042 |
| ഭരണ ചെലവ് | 776447 |
| നികുതി | 38000 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 520726.11 | 976539 | 1497265.11 | 776447 | 720818.11 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 26332484 | 26332484 | 26332484 | -- |

ഭരണസമിതിയുടെ 18.12.2019 തിയ്യതിലെ 8/19(1) നമ്പർ തീരുമാന പ്രകാരം 458 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 199 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 2 |
| സോക്പിറ്റ് നിർമ്മാണം | 20 |
| തൊഴുത്ത് | 4 |

| | |
|---|---|
| ആട്ടിൻകൂട് | 9 |
| കോഴിക്കൂട് | 7 |
| വൃക്ഷത്തൈ നടൽ | 4 |
| തോട് നവീകരണം | 16 |
| മണ്ണ് ജല സംരക്ഷണം | 38 |
| റോഡ്/പൊതു ആസ്തി നിർമ്മാണം | 3 |
| NADEP കമ്പോസ്റ്റ് | 8 |
| ഫാം പോണ്ട് | 6 |
| ഭൂവികസന പ്രവൃത്തികൾ | 60 |
| കനാൽ നവീകരണം | 22 |

**1-7 ആഭ്യന്തര നിയന്ത്രണം**

ഗ്രാമപഞ്ചായത്തിന്റെ ഭരണകാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

ക്യാഷ്ബുക്ക് ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്ക് പലപ്പോഴും ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസീലിയേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധ ഡി.സി.ബി. രജിസ്റ്ററുകളുകളിൽ റെന്റ് രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ, കെട്ടിടനികുതി രജിസ്റ്റർ സഞ്ചയ അബ്ട്രാക്ട് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ലോൺ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ബജറ്റ് ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല.

## 1-8 ക്യാഷ് പരിശോധന

1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.05.2022 – ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,472/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കിയില്ല

ഏറാമല ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ താഴെ പറയുന്ന റൂമുകൾ 2020-21 കാലയളവിൽ വാടക തുക ഗ്രാമപഞ്ചായത്തിൽ അടച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വാടക നല്കാനുള്ള ആളുടെ പേരു വിവരം | വാടക തുക, വാടക നൽകാനുള്ള കാലയളവ് |
|---|---|---|---|
| 1. | 14/701- ബസ് സ്റ്റാന്റ് കെട്ടിടം | നാരായണൻ നെല്ലോളിതാഴക്കണ്ടി | 5789രൂ. /മാസം<br>2020 മാർച്ച് മുതൽ 2021 ഏപ്രിൽ വരെ. |

| | | | |
|---|---|---|---|
| | | | |
| 2. | മൽസ്യ മാർക്കറ്റ് ടേബിൾ | അബൂബക്കർ കെ. എം. | 1042 രൂ./ മാസം 2020 മാർച്ച് മുതൽ 2021 ഏപ്രിൽ വരെ. |
| 3. | മൽസ്യ മാർക്കറ്റ് ടേബിൾ | കുമാരൻ | 1042 രൂ./ മാസം 2020 മാർച്ച് മുതൽ 2021 ഏപ്രിൽ വരെ. |
| 4. | മൽസ്യ മാർക്കറ്റ് ടേബിൾ | കുഞ്ഞിക്കണ്ണൻ | 1042 രൂ./ മാസം 2020 മാർച്ച് മുതൽ 2021 ഏപ്രിൽ വരെ. |
| 5. | മൽസ്യ മാർക്കറ്റ് ടേബിൾ | കേളപ്പൻ | 1042രൂ. /മാസം 2020 മാർച്ച് മുതൽ 2021 ഏപ്രിൽ വരെ. |
| 6. | മൽസ്യ മാർക്കറ്റ് ടേബിൾ | അബൂബക്കർ ഇ. സി | 1042 രൂ./ മാസം 2020 മാർച്ച് മുതൽ 2021 ഏപ്രിൽ വരെ. |

| | | | |
|---|---|---|---|
| 7. | മൽസ്യ മാർക്കറ്റ് ടേബിൾ | രമേശ്കുമാർ എം. എം | 1042 രൂ. /മാസം<br>2020 മാർച്ച് മുതൽ 2021 ഏപ്രിൽ വരെ. |
| 8. | മൽസ്യ മാർക്കറ്റ് ടേബിൾ | അസീസ് സി.കെ | 1042 രൂ./ മാസം<br>2020 മാർച്ച് മുതൽ 2021 ഏപ്രിൽ വരെ. |
| 9. | മൽസ്യ മാർക്കറ്റ് ടേബിൾ | ചന്ദ്രൻ കെ. കെ. | 1042 രൂ. /മാസം<br>2020 മാർച്ച് മുതൽ 2021 ഏപ്രിൽ വരെ. |
| 10. | മൽസ്യ മാർക്കറ്റ് ടേബിൾ | കേളപ്പൻ | 1042 രൂ./ മാസം<br>2020 മാർച്ച് മുതൽ 2021 ഏപ്രിൽ വരെ. |

മേൽ വാടകക്കാരിൽ നിന്നും നാളിതു വരെയുള്ള വാടക, കുടിശ്ശികയും പിഴയും സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-10 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ

നിന്നും 2020-21 ഒന്നാം/രണ്ടാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | സപ്ലൈക്കോ, ഓർക്കാട്ടേരി | ഒന്നാം അർദ്ധ വർഷം |
| 2 | കനറാ ബാങ്ക്, ഓർക്കാട്ടേരി | രണ്ടാം അർദ്ധ വർഷം |
| 3 | കെ.ഡി.സി. ബാങ്ക്, ഓർക്കാട്ടേരി | 2-ാം അർദ്ധ വർഷം |
| 4 | ഏറാമല വനിതാ സഹകരണ സംഘം | ഒന്നാം അർദ്ധ വർഷം |
| 5 | വടകര ബ്ലോക്ക് വനിതാ സഹകരണ സംഘം | 1&2 അർദ്ധ വർഷം |
| 6 | വേദവ്യാസ വീദ്യാ പീഠം, ഓർക്കാട്ടേരി | 1 &2 അർദ്ധ വർഷം |
| 7 | എം.ഇ.എസ്. പബ്ലിക് സ്കൂൾ | 1 &2 അർദ്ധ വർഷം |

| | | |
|---|---|---|
| 8 | ഡോ. അമൽ ഡെന്റൽ ക്ലിനിക്ക് | 1&2 അർദ്ധ വർഷം |
| 9 | നോവ ഡെന്റൽ ക്ലിനിക്ക് | 1 &2 അർദ്ധ വർഷം |
| 10 | മൈയോ ക്ലിനിക്ക്, ഓർക്കാട്ടേരി | 1 &2 അർദ്ധ വർഷം |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4, 6 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിക്കോ അല്ലെങ്കിൽ വ്യക്തിക്കോ വ്യക്തികൾക്കോ ആഫീസോ ജോലി സ്ഥലമോ ഉണ്ടെങ്കിൽ അങ്ങിനെയുള്ള കമ്പനി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. വാർഷിക വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് അത്തരം സ്ഥാപനങ്ങളുടേയോ കമ്പനികളുടേയോ നികുതി നിശ്ചയിക്കേണ്ടത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-11 ഗ്രാമ പഞ്ചായത്തിന്റെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്തില്ല - വൻ തുക പിഴയിനത്തിൽ അടക്കാൻ അവശേഷിക്കുന്നു.**

**ഫയൽ നം 1111/21**

ഏ) ഇൻകം ടാക്സ് വകുപ്പിന്റെ 07/12/2018 ലെ ACIT/TDS/AD/1635/2018-19/CHNE00666B നം. കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് 2013-14 മുതൽ 2017-18 കാലയളവ് വരെ വിവിധയിനങ്ങളിലായി ( Short Payment, Short Deduction, Late Payment തുടങ്ങിയവ) കുടിശ്ശികയായുള്ള തുക 1,88,360/- രൂപ, അടവാക്കുന്നതുമായി ബന്ധപ്പെട്ട് 31/12/2018 ന് ഇൻകം ടാക്സ് വകുപ്പുമായി കൂടിക്കാഴ്ച നിശ്ചയിച്ചിരുന്നു. ഈ കൂടിക്കാഴ്ചയുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ഇത് ലഭ്യമാക്കേണ്ടതാണ്.

ബി) 27-04-2021 ന് ഇൻകം ടാക്സ് വകുപ്പിൽ നിന്നും ലഭിച്ച 23042021/00024/CD നമ്പർ കത്തിൽ OUT STANDING DEMAND 1,69,840/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

സി) ആദായനികുതി വകുപ്പിൽ വിവിധയിനങ്ങളിലായി നിലവിൽ ഗ്രാമപഞ്ചായത്ത് അടവാക്കാൻ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച വിവരം അറിയുന്നതിനായി TDS TRACES ലോഗിനിൽ പരിശോധന നടത്തി. ആയത് പ്രകാരമുള്ള നിലവിലെ കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | ഫയൽ ചെയ്യേണ്ട തീയതി | ഫയൽ ചെയ്ത തീയതി | ഫോം ഇനം | തുക |
|---|---|---|---|---|---|
| 1 | 2013-14 Q4 | 15-05-2014 | 05-08-2014 | 24Q | 2620 |
| 2 | 2014-15 Q4 | 15-05-2015 | 13-01-2018 | 24Q | 11520 |
| 3 | 2014-15 Q4 | 15-05-2015 | 05-06-2015 | 26Q | 5960 |
| 4 | 2015-16 Q3 | 31-01-2016 | 23-01-2018 | 24Q | 980 |
| 5 | 2016-17 Q1 | 31-07-2016 | 10-12-2018 | 24Q | 1500 |
| 6 | 2016-17 Q2 | 31-10-2016 | 10-12-2018 | 24Q | 1500 |
| 7 | 2016-17 Q3 | 31-01-2017 | 10-12-2018 | 24Q | 1630 |
| 8 | 2016-17 Q4 | 31-05-2017 | 12-12-2018 | 24Q | 7940 |
| 9 | 2016-17 Q4 | 31-05-2017 | 13-12-2018 | 26Q | 103670 |
| 10 | 2017-18 Q2 | 31-10-2017 | 11-11-2017 | 26Q | 20 |
| | | | ആകെ കുടിശ്ശിക | | 1,37,340 |

2018 ൽ നിലവിലുണ്ടായിരുന്ന 1,88,360/- രൂപയുടെ കുടിശ്ശിക ഇപ്പോൾ 1,37,340/- രൂപയായി കുറഞ്ഞതായി കാണാം. 51,020/- രൂപ ( 1,88,360 - 1,37,340 ) ഇൻകം ടാക്സ് വകുപ്പിൽ അടവാക്കിയത് കുടിശ്ശികക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയിട്ടാണ് എങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഡി)ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 234 പ്രകാരം TDS യഥാസമയം ഫയൽ ചെയ്യാത്തവർക്ക് പ്രതിദിനം 200/- രൂപ നിരക്കിൽ Late Fee ഈടാക്കുന്നതാണ്. ( Late Fee പരമാവധി TDS തുകയായി പരിമിതപ്പെടുത്തിയിട്ടുണ്ട് )

TRACES ലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2013-14 - 2017-18 സാമ്പത്തിക വർഷങ്ങളിലെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തത് കൊണ്ടാണ് പിഴയിനത്തിൽ വൻ തുക അടവാക്കേണ്ട സാഹചര്യം ഉണ്ടായത് എന്ന് കാണുന്നു. ആകെ കുടിശ്ശികയായുള്ള 1,37,340/- രൂപയിൽ 1,12,650/- രൂപ 26Q (Non Salary Deduction) ഇനത്തിലും 24,690/- രൂപ 24Q (Salary Deduction) ഇനത്തിലും പെട്ടതാണ്. ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ഇപ്രകാരം കുടിശ്ശിക വരാനുണ്ടായ സാഹചര്യം വ്യക്തമായിട്ടില്ല. ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

സാങ്കേതികമായ കാരണങ്ങളാലാണ് ഗ്രാമപഞ്ചായത്തിന് TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാൻ സാധിക്കാതിരുന്നത് എങ്കിൽ ഇക്കാര്യം ഇൻകം ടാക്സ് വകുപ്പിനെ കൃത്യമായ രേഖകൾ സഹിതം ബോധിപ്പിച്ച് കുടിശ്ശിക തീർപ്പാക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കുടിശ്ശിക വരാൻ കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ടതും, ഇൻകം ടാക്സ് വകുപ്പിൽ തുക അടവാക്കി കുടിശ്ശിക തീർക്കേണ്ടതുമാണ്.

## 1-12 ബഡ്സ് സ്കൂൾ നിർമ്മാണം അനിശ്ചിതത്വത്തിൽ - ലഭ്യമായ ഫണ്ട് പാഴാകുന്നു

പഞ്ചായത്തിൽ ബഡ്സ് സ്കൂൾ വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ബഡ്സ് സ്കൂളിന്റെ നിർമ്മാണത്തിനായി 2016-17 കാലഘട്ടത്തിൽ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 38,00,000/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു (പ്രോ. നം. 74/17). ഇതിനായി കണ്ടെത്തിയ വിഭവ സ്രോതസ്സുകൾ ഇപ്രകാരമായിരുന്നു.

| | |
|---|---|
| വികസനഫണ്ട് ജനറൽ | 2,29,343 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,89,848 |
| തനതു ഫണ്ട് | 2,00,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 17,90,000 |
| എക്സ്റ്റേണലി എയ്ഡഡ് പരിപാടി | 13,90,809 |

| | |
|---|---|
| ആകെ | 38,00,000 |

പഞ്ചായത്തിന് 2014 കാലഘട്ടത്തിൽ ദാനാധാരമായി കിട്ടിയ 5.075 ആർ വിസ്തീർണ്ണമുള്ള സ്ഥലത്താണ് ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതിന് പദ്ധതിയിട്ടിരുന്നത്. എന്നാൽ യാതൊരു മുന്നൊരുക്കവും/പ്രാഥമിക പരിശോധനയും നടത്താതെയായിരുന്ന ഈ പദ്ധതി രൂപീകരിച്ചിരുന്നതെന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 2018 ൽ NIT യുടെ നേതൃത്വത്തിൽ മണ്ണ് പരിശോധന നടത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം പ്രത്യേകം സബ്ഡിവിഷൻ ചെയ്തു കിട്ടുന്നതിനും, തരം മാറ്റി കിട്ടുന്നതിനും, കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനും മറ്റുമുള്ള നടപടികൾ 2019-20, 2020-21 വർഷങ്ങളിൽ ആരംഭിച്ച് ഇപ്പോഴും തീരുമാനമാകാതെ തുടരുകയാണ്. ഇതിനിടയിൽ 2017-18 കാലഘട്ടത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 10,00,000/- രൂപ ലഭിച്ചു. പദ്ധതി സ്പിൽഓവർ ആയി 2019-20 വർഷം വരെ തുടർന്നിരുന്നെങ്കിലും 2019-20 അവസാനഘട്ടത്തിൽ പദ്ധതി ഒഴിവാക്കി. തുടർന്ന് നാളിതുവരെയുള്ള (2022-23 വരെ) വാർഷിക പദ്ധതിയിൽ ബഡ്സ് സ്കൂളിനായി പദ്ധതിയില്ല. ലഭ്യമായ ഫണ്ട് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

നിലവിൽ വാടക കെട്ടിടത്തിലാണ് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത് (2021-22 ൽ കെട്ടിടം മാറി). ഇതിനായി വർഷം തോറും വലിയൊരു സംഖ്യ വാടകയായും, വൈദ്യുതി ചാർജ്ജായും പഞ്ചായത്ത് ചെലവഴിച്ചു വരുന്നു. വാർഷിക പദ്ധതിയിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ട ഈ പ്രവൃത്തി നിലവിൽ ഉപേക്ഷിച്ചത് വിശദീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഈ നിർമ്മാണം ഒഴിവാക്കിയ സാഹചര്യത്തിൽ ഈയിനത്തിൽ ലഭിച്ച ഫണ്ട് വിഹിതം സർക്കാരിലേയ്ക്ക് തിരിച്ചടവാക്കേണ്ടതാണ്. ഈ വിഷയത്തിലെടുത്ത നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-13 തൻവർഷ പദ്ധതി ചെലവ് തുച്ഛം - മൂന്നിൽ രണ്ട് ചെലവും സ്പിൽ ഓവർ പദ്ധതികൾക്ക്</u>

2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് സ്പിൽഓവർ പദ്ധതികളടക്കം ആകെ 101 പ്രോജക്ടുകളാണ്. ഇതിൽ 57 എണ്ണവും മുൻവർഷത്തിൽ നിന്നുള്ള സ്പിൽ ഓവർ പദ്ധതികളാണ്. ബാക്കി 44 പദ്ധതികൾ മാത്രമാണ് തൻവർഷം പുതുതായി രൂപീകരിച്ചത്. 2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി ചെലവ് പരിശോധിച്ചാൽ ആകെ വകയിരുത്തിയതിൽ പകുതി മാത്രം ചെലവാണ് (54.7%) ഉണ്ടായിട്ടുള്ളതെന്നും, ഇതിൽ ചെലവിന്റെ 61.83% ഉം സ്പിൽ ഓവർ പദ്ധതികളുടെ നിർവ്വഹണത്തിനായാണ് വിനിയോഗിച്ചതെന്നും വ്യക്തമാകുന്നു. ഫണ്ടിനം തിരിച്ച് വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | സ്പിൽ ഓവർ പദ്ധതി | | |
|---|---|---|---|---|---|
| | | | അടങ്കൽ | ചെലവ് | ചെലവ് % |
| വികസനഫണ്ട് ജനറൽ | 9,48,400 | -- | 5,94,200 | -- | -- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,20,94,599 | 76,74,039 | 58,57,599 | 49,24,700 | 64.17% |
| തനതു ഫണ്ട് | 66,46,230 | 16,42,481 | 63,23,314 | 16,42,481 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 2,19,11,293 | 1,72,65,150 | 1,07,60,209 | 1,00,97,308 | 58.48% |
| സംരക്ഷണഗ്രാന്റ് റോഡിതരം | 42,25,200 | 25,52,914 | 19,79,400 | 13,50,200 | 52.9% |
| ജില്ലാ പഞ്ചായത്ത് | 8,48,650 | -- | 8,48,650 | -- | -- |
| ബ്ലോക്ക് പഞ്ചായത്ത് | 21,00,000 | -- | 21,00,000 | -- | -- |
| മറ്റുള്ളവ | 51,13,620 | -- | -- | -- | -- |
| ആകെ | 53887992 | 2,91,34,584 | 2,84,63,372 | 1,80,14,689 | **61.83%** |

2019-20 വർഷത്തിൽ ലഭിച്ച വിവിധ ഫണ്ടിനങ്ങളിൽ ചെലവഴിക്കാതെ സർക്കാരിലേയ്ക്ക് 2,07,76,726/- രൂപ തിരിച്ചെടുക്കപ്പെട്ടിട്ടുണ്ട്. മുൻവർഷത്തിൽ ലാപ്സായ തുകയുടെ ഫണ്ടിനം തിരിച്ച വിവരവും, 2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ സ്പിൽഓവർ പദ്ധതികൾക്കായി ഈയിനം ഫണ്ടുകളിലുണ്ടായ ചെലവ് തുകയും, ക്യൂ ബില്ലായവയുടെ വിവരവും ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | തിരിച്ചെടുക്കപ്പെട്ട തുക | 2020-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയ്ക്ക് ചെലവഴിച്ച തുക | മുൻവർഷം ക്യൂ ബില്ലായ തുക |
|---|---|---|---|

| | | | |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 23,81,698 | -- | -- |
| വികസനഫണ്ട് എസ്.സി.പി. | 8,55,672 | -- | -- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 46,77,457 | 49,24,700 | 16,12,275 |
| സംരക്ഷണഗ്രാന്റ് റോഡ് | 1,03,81,830 | 1,00,97,308 | 45,14,636 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 24,80,069 | 13,50,200 | 11,97,786 |
| ആകെ | 2,07,76,726 | 1,63,72,208 | 73,24,697 |

മുൻവർഷത്തിൽ സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാതിരുന്നതിനാൽ നഷ്ടപ്പെട്ട തുകയുടെ ഭൂരിഭാഗവും തുടർവർഷത്തിൽ സ്പിൽഓവർ പദ്ധതികളുടെ നിർവ്വഹണത്തിനായി ഉപയോഗിക്കേണ്ടി വന്നു. 2019-20 വർഷത്തെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ/വൈകി പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ പല ബില്ലുകളും ക്യൂ ബില്ലാവുകയും, ഇവയെല്ലാം സ്പിൽ ഓവർ പദ്ധതികളായി തുടരേണ്ടി വരികയും, ഇതിനുള്ള ഫണ്ട് 2020-21 വർഷത്തെ പ്രവൃത്തികൾക്കായി/വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകയിൽ നിന്ന് നൽകുകയും, ആയതിനെ തുടർന്ന് തൻവർഷ പദ്ധതികൾക്ക് തുക തികയാത്ത അവസ്ഥയുമുണ്ടായി.

പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സമഗ്രതയോടെയും, യഥാർത്ഥ ആവശ്യങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കാത്തതിനാൽ എസ്റ്റിമേറ്റുകൾ പുതുക്കുന്ന അവസ്ഥ പഞ്ചായത്തിൽ നിലനിൽക്കുന്നതായി ഓഡിറ്റിൽ വ്യക്തമായി. കൂടാതെ പ്രവൃത്തികൾക്കുള്ള കരാർ സമയബന്ധിതമായി ചമച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ഇത് സ്പിൽ ഓവർ പ്രവൃത്തികളുടെയടക്കം പൂർത്തീകരണത്തിന്റെ കാലതാമസത്തിനും, വർഷാവസാനത്തേയ്ക്ക് കൂട്ടമായി ബിൽ സമർപ്പിക്കുന്നതിലേയ്ക്കും നയിച്ചിട്ടുണ്ട്.

തൻവർഷ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭ്യമായ ലക്ഷക്കണക്കിനു രൂപ ഇതുമൂലം മുൻവർഷ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടി വരികയും തൻവർഷത്തിൽ പ്രദേശത്തെ ജനതയ്ക്ക് ലഭ്യമാക്കാമായിരുന്ന

സേവനങ്ങൾക്കുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്തു. ഇത്തരം സാഹചര്യങ്ങൾ ഭാവിയിലെങ്കിലും ഒഴിവാക്കുന്ന രീതിയിൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയം തുടർ വർഷത്തിൽ പരിശോധനക്ക് വിധേയമാക്കുന്നതാണ്. പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്താതിരുന്നതിന്റെ കാരണവും, സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുത്തുന്ന സാഹചര്യവും വ്യക്തമാക്കേണ്ടതാണ്.

**<u>1-14 സംയുക്ത പദ്ധതികൾക്കായി വിഹിതം ലഭിച്ചതും നിലവിൽ ഉപേക്ഷിച്ചതുമായ പദ്ധതികളുടെ വിഹിതം തിരികെ അടവാക്കിയില്ല</u>**

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി മുൻവർഷങ്ങളിൽ രൂപീകരിച്ച/ ഓഡിറ്റ് വർഷത്തിൽ സ്പിൽ ഓവർ ആയി ഉൾപ്പെട്ട താഴെ ചേർക്കുന്ന പദ്ധതികൾക്കായി വിവിധ വർഷങ്ങളിൽ വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നായി 39,48,650/- രൂപ വിഹിതമായി ലഭിച്ചിട്ടുണ്ട്.

| ക്രമ. നം. | പ്രോജക്ട് പേര്/നമ്പർ | വിഹിതം ലഭിച്ച വർഷം/സ്ഥാപനം | ലഭിച്ച തുക |
|---|---|---|---|
| 1 | കംഫർട്ട് സ്റ്റേഷൻ നിർമ്മാണം, 237/21 | 2018-19 ബ്ലോക്ക് പഞ്ചായത്ത് | 21,00,000 |
| 2 | സീനിയർ സിറ്റിസൺ റിക്രിയേഷൻ ക്ലബ്, 201/21 | 2016-17 ബ്ലോക്ക് പഞ്ചായത്ത് | 8,48,650 |
| 3 | ബഡ്സ് സ്കൂൾ നിർമ്മാണം | 2017-18 ജില്ലാ പഞ്ചായത്ത് | 10,00,000 |

ക്രമ നമ്പർ 1, 2 എന്നിവ സ്പിൽ ഓവർ പ്രവൃത്തികളായി ഉണ്ടായിരുന്നെങ്കിലും ഓഡിറ്റ് വർഷത്തിലും ചെലവില്ല. ബഡ്സ് സ്കൂളിനായി ഓഡിറ്റ് വർഷത്തിൽ പ്രോജക്ടില്ല. നിലവിൽ 2022-23 ലെ വാർഷിക പദ്ധതിയിൽ മേൽ പ്രോജക്ടുകളൊന്നും ഉൾപ്പെടുത്താതെ ഒഴിവാക്കിയിരിക്കുന്നു. വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ടുകൾ യഥാവിധം ഉപയോഗപ്രദമാക്കാതിരുന്നത് വിശദീകരിക്കേണ്ടതും, വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ച തുക സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതുമാണ്.

**<u>1-15 പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിൽ കാലതാമസം /ടെണ്ടർ മത്സരാധിഷ്ഠിതമല്ല</u>**

പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പരിശോധിച്ചതിൽ കണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

- ടെണ്ടർ നടപടികൾ ആരംഭിക്കുന്നത് സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ മാത്രമാണ്. ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷത്തെ ആദ്യ ടെണ്ടർ നടന്നിരിക്കുന്നത് 8.1.2021 നാണെന്ന് കാണാം. തൻവർഷം രൂപീകരിച്ച ആകെ 44 പുതിയ പദ്ധതികളിൽ 34 പ്രവൃത്തികൾക്ക് 8.1.2021 നും ബാക്കിയുള്ളവയ്ക്ക് ഫെബ്രുവരി, മാർച്ച് മാസത്തിലുമാണ് ടെണ്ടർ നടത്തിയത്. ടെണ്ടർ നടപടികളിലെ കാലതാമസം പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താമസമുണ്ടാകുകയും ഇത് തൻവർഷത്തെ പദ്ധതികളിൽ മൂന്നിലൊന്നു പദ്ധതികളിലും ചെലവു നടത്താൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കുകയും ചെയ്തു.
- ടെണ്ടറുകളിൽ കരാറുകാരുടെ പങ്കാളിത്തം തീരെ ലഭിക്കുന്നില്ല. 8.1.2021 ന് നടന്ന 19 പ്രവൃത്തികളുടെ ഇ-ടെണ്ടറിനും, 17 പ്രവൃത്തികളുടെ മാന്വൽ ടെണ്ടറിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. തുടർന്ന് 21.1.2021 ന് ഇവ റീ-ഇ-ടെണ്ടർ/റീടെണ്ടർ നടത്തിയതിൽ ഏഴു മാന്വൽ ടെണ്ടറുകൾക്ക് സിംഗിൾ ടെണ്ടർ ലഭിച്ചു. ബാക്കിയുള്ളവയ്ക്ക് (ഇ-ടെണ്ടറടക്കം) ആരും പങ്കെടുത്തില്ല. പിന്നീട് ഈ പ്രവൃത്തികളെല്ലാം ക്വട്ടേഷൻ അടിസ്ഥാനത്തിലാണ് കരാറുകാർ/സ്ഥാപനങ്ങൾ ഏറ്റെടുത്ത് പ്രവൃത്തി നടത്തുന്നത്.

മേൽ കാര്യങ്ങൾ പരിശോധിക്കുന്നതിലേയ്ക്ക് പഞ്ചായത്തിലെ ടെണ്ടർ ഫയൽ പരിശോധിച്ചു. തൻവർഷ വാർഷിക പദ്ധതിയിലെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ഭരണസമിതി എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നത് 28.10.2020 ലെ 1/5 തീരുമാനത്തിലൂടെയാണ്. എല്ലാ ടെണ്ടർ പരസ്യങ്ങളും ഒരു മലയാള പത്രത്തിൽ മാത്രമായാണ് പ്രസിദ്ധപ്പെടുത്തുന്നത്. ടെണ്ടറുകൾക്കെല്ലാം (അടങ്കൽ തുക പരിഗണിക്കാതെ) ഏഴു ദിവസത്തെ സമയമാണ് അനുവദിക്കുന്നതെന്ന് മനസ്സിലാകുന്നു. മറ്റു വിധത്തിലുള്ള പരസ്യപ്പെടുത്തൽ നടക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.

എല്ലാ പരസ്യങ്ങളും പഞ്ചായത്ത് നോട്ടീസ് ബോർഡ്, വെബ്സൈറ്റ്, മരാമത്ത് വകുപ്പിന്റെ നോട്ടീസ് ബോർഡ്, ഉചിതമെങ്കിൽ മറ്റ് ഓഫീസുകളുടെ നോട്ടീസ് ബോർഡ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കണം. ഒരു ലക്ഷം മുതൽ 10,00,000/- വരെയുള്ള പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കാൻ കുറഞ്ഞത് 10 ദിവസവും, 10 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള പ്രവൃത്തികൾക്ക് കുറഞ്ഞത് 20 ദിവസവും സമയം നൽകും വിധമാണ് ടെണ്ടർ പരസ്യം ചെയ്യേണ്ടത്. എന്നാൽ പഞ്ചായത്തിൽ ചെയ്ത എല്ലാ ടെണ്ടറുകളിലും (10 ലക്ഷത്തിനു മുകളിലുള്ളവക്കും) ഏഴു ദിവസം മാത്രമാണ് സമയം അനുവദിക്കുന്നത്. കൂടാതെ 10 ലക്ഷത്തിനു മുകളിലുള്ള പ്രവൃത്തികളുടെ പരസ്യം സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാളപത്രത്തിൽ പരസ്യം ചെയ്യണം. ഈ നിബന്ധനകളൊന്നും പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

ടെണ്ടർ നടപടികളിലെ ഈ പങ്കാളിത്തമില്ലായ്മ ഒരു ഘട്ടത്തിലും നിർവ്വഹണോദ്യോഗസ്ഥനോ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവരോ പരിശോധിച്ചതായി കാണുന്നില്ല. ശരിയായ പരസ്യത്തിന്റെ അഭാവമാണോ അതോ കരാറുകാരുടെ കൂട്ടായ മറ്റെന്തെങ്കിലും ഇടപെടലാണോ ഇതിലേയ്ക്ക് നയിക്കുന്നതെന്ന് മനസ്സിലാക്കാനോ, പ്രതിവിധി കണ്ടെത്താനോ ഉള്ള ശ്രമം ഇവരിൽ നിന്നുണ്ടായിട്ടില്ല. ഇതെല്ലാം പരോക്ഷമായി പഞ്ചായത്ത് ഫണ്ടിന്റെ അധിക ചെലവിന് കാരണമാകുന്നുണ്ട് (ടെണ്ടർ കുറവ് ലഭിക്കാത്തതിനാൽ). ഈ വിഷയം പരിഗണനാ വിധേയമാക്കേണ്ടതും പൊതുമരാമത്ത് പ്രവൃത്തികൾക്ക് കൃത്യമായ പ്രവർത്തന കലണ്ടർ നിശ്ചയിച്ച്, ടെണ്ടർ നടപടികൾ സമയബന്ധിതമായി നടത്തി, കൂടുതൽ പങ്കാളിത്തവും, ടെണ്ടർ കുറവും ഉറപ്പ് വരുത്താനുള്ള ശ്രമങ്ങൾ ഭരണസമിതിയുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിലുണ്ടായ പുരോഗതി തുടർവർഷങ്ങളിൽ പരിശോധനാ വിധേയമാക്കുന്നതാണ്.

## 1-16 കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

ഓഡിറ്റ് കാലയളവിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഭൂരിഭാഗം പ്രവൃത്തികളും മുൻവർഷങ്ങളിൽ നിന്ന് സ്പിൽഓവർ ആയി ഉൾപ്പെട്ടവയാണ്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചാൽ നിരക്ക് കണക്കാക്കാൻ കോസ്റ്റ് ഇൻഡക്സ് പരിഗണിച്ചിരിക്കുന്നത് 38.24% ആണ് എന്ന് കാണുന്നു. വിവിധ പദ്ധതി ഫയലുകൾ പരിശോധിച്ചപ്പോൾ റോഡ് പ്രവൃത്തികളിലുൾപ്പെടെ ഭൂരിഭാഗം പ്രവൃത്തികളും പൂർത്തീകരിച്ചിരിക്കുന്നത് വളരെ കാലതാമസത്തോടെയും, എസ്റ്റിമേറ്റ് പുതുക്കിയുമാണെന്ന് കാണുന്നു. മിക്ക പ്രവൃത്തികളിലും പ്രവൃത്തി ആരംഭിച്ച് ഒരു വർഷത്തോളമാകുമ്പോഴാണ് മാറ്റങ്ങൾ ആവശ്യമാണെന്ന് തിരിച്ചറിയുന്നതും എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുന്നതും. ഇത്തരത്തിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുമ്പോൾ ആ സമയം ബാധകമായ കോസ്റ്റ് ഇൻഡക്സ് ഇനങ്ങളുടെ നിരക്ക് കണക്കാക്കുന്നതിന് പരിഗണിക്കുന്നില്ല. അതായത് കോസ്റ്റ് ഇൻഡക്സ് നിരക്ക് 38.24% മുണ്ടായിരുന്നത് 2019-20 കാലയളവിൽ 32.04% ആയി കുറഞ്ഞിട്ടും പുതുതായി ഉൾപ്പെടുത്തിയ ഇനങ്ങൾക്ക് കൂടിയ നിരക്കിൽ തന്നെ തുക കണക്കാക്കിയിരിക്കുന്നു. ഇതുമൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടാകുന്നുണ്ട്. ഇത്തരത്തിലുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു,

| ക്രമ നം. | പ്രവൃത്തിയുടെ പേര്/നമ്പർ | കോസ്റ്റ് ഇൻഡക്സ് നിരക്ക് | എസ്റ്റിമേറ്റ് പുതുക്കാനുള്ള തീരുമാനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വെറ്ററിനറി ഹോസ്പിറ്റൽ ഇന്റർലോക്ക്.....മെയിന്റനൻസ് വർക്ക്, 130/21 | 38.24% | 19.12.2019 |
| 2 | ആദിയൂർ എൽ.പി.സ്കൂൾ ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മാണം, 131/21 | - ടി - | 5.3.2020 |
| 3 | ഓർക്കാട്ടേരി ബസ് സ്റ്റോപ്പ് കനാൽ ഒഞ്ചിയം റോഡ് ഡ്രൈനേജ്, 126/21 | - ടി - | 22.1.2020 (എസ്റ്റിമേറ്റ് പുതുക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയത്) |
| 4 | ഇല്ലത്ത്താഴ കച്ചേരി മൈതാനം അങ്കണവാടി മെയിന്റനൻസ്, 137/21 | - ടി - | 26.12.2019 |
| 5 | കുറിച്ചിക്കര കോട്ടായി അങ്കണവാടി മെയിന്റനൻസ്, 139/21 | - ടി - | 23.11.2019 |
| 6 | തട്ടോളിക്കര പയ്യത്തൂർ അങ്കണവാടി മെയിന്റനൻസ്, 140/21 | - ടി - | 23.11.2019 |

മുകളിൽ വിവരിച്ച പ്രവൃത്തികളുടെ എക്സ്ട്രാ ഇനങ്ങൾക്കെല്ലാം ഉയർന്ന നിരക്കിലാണ് തുക കണക്കാക്കിയത്. ഇത്തരത്തിൽ പഞ്ചായത്തിന് ഫണ്ടിന് അധിക ചെലവുണ്ടാക്കിയത് വിശദീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ നിലവിലുള്ള കോസ്റ്റ് ഇൻഡക്സ് ബാധകമാക്കി മാത്രം നിരക്കുകൾ കണക്കാക്കേണ്ടതും, ആയത് സാധൂകരിക്കുന്ന വിധത്തിൽ കരാറുമാരുമായി ചമയ്ക്കുന്ന കരാറിൽ അവശ്യം വേണ്ട നിബന്ധനകൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

**1-17 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിലേയ്ക്കൊടുക്കിയില്ല, അന്യായമായി ബാങ്ക് ചാർജ്ജുകൾ ഈടാക്കുന്നു**

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിനായി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഏറാമല സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് നമ്പർ 38795542185 ആയി കറന്റ് അക്കൗണ്ട് ആരംഭിച്ചിരുന്നു. ഈ അക്കൗണ്ടിൽ 31.3.22 ന് 27653.84 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിട്ടില്ല. ഈ അക്കൗണ്ടിന്റെ നാളിതുവരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഓഡിറ്റ് കാലയളവിലും, തുടർന്നും അക്കൗണ്ട് കീപ്പിംഗ് ചാർജ്ജ്, മിനിമം ബാലൻസ് ചാർജ്ജ് എന്നീയിനങ്ങളിൽ യഥാക്രമം 1,605.6/- രൂപ, 5,900/- രൂപ എന്നിങ്ങനെ ഈടാക്കിയതായി കാണുന്നു. കറന്റ് അക്കൗണ്ടുകൾക്ക് മിനിമം ബാലൻസ് ബാധകമല്ലായെന്നിരിക്കെ ഈയിനത്തിൽ ചാർജ്ജ് ഈടാക്കിയതിൽ വ്യക്തതയില്ല. ആയത് ബാങ്കുമായി ബന്ധപ്പെട്ട് ഉറപ്പു വരുത്തേണ്ടതും, അന്യായമായി ഈടാക്കിയതാണെങ്കിൽ തുക തിരികെ ലഭ്യമാക്കേണ്ടതുമാണ്. നിലവിൽ ഇ-ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-18 പൊതുമരാമത്ത് പദ്ധതികൾ - രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ**

2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് സ്പിൽ ഓവർ പദ്ധതികളടക്കം ആകെ 101 പ്രോജക്ടുകളാണ്. ഇതിൽ 57 എണ്ണവും മുൻവർഷത്തിൽ നിന്നുള്ള സ്പിൽ ഓവർ പദ്ധതികളാണ്. ബാക്കി 44 പദ്ധതികൾ മാത്രമാണ് തൻവർഷം പുതുതായി രൂപീകരിച്ചത്. പുതുതായി രൂപീകരിച്ചവയിൽ 16 എണ്ണത്തിന് തൻവർഷം ചെലവില്ല. ഈ പദ്ധതികളെല്ലാം തുടർവർഷത്തേയ്ക്ക് സ്പിൽ ഓവർ പദ്ധതികളായിട്ടുണ്ട്. പദ്ധതി രൂപീകരണ നിർവ്വഹണത്തിൽ ശ്രദ്ധയിൽപെട്ട വിവിധ കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

<u>സ്പിൽ ഓവർ പദ്ധതികളുടെ ആധിക്യം - തൻവർഷ വികസന പ്രവർത്തനങ്ങൾക്ക് വിലങ്ങു തടിയാകുന്നു</u>

തൻവർഷത്തെ ആകെ 101 പദ്ധതികളിൽ പകുതിയിലധികവും സ്പിൽ ഓവർ പദ്ധതികളാണ്. 2019-20 മുതൽ സർക്കാർ നിർദ്ദേശിച്ച വാർഷിക പദ്ധതി അടങ്കൽ പരിധി (ആകെ പദ്ധതി അടങ്കൽ ലഭ്യമാകുന്ന ഫണ്ടിന്റെ പരമാവധി 120%) കാരണം പുതുതായി രൂപീകരിക്കുന്ന വികസന പദ്ധതികൾക്ക് പരിമിതിയുണ്ടായി. 2020-21 വാർഷിക പദ്ധതിയിൽ 2017-18 മുതൽ സ്പിൽ ഓവർ പദ്ധതികളായി തുടരുന്ന പ്രോജക്ടുകൾ വരെ ഇപ്പോഴും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടു. ഇത് ലഭ്യമായ ഫണ്ട് സ്പിൽ

ഓവർ പദ്ധതികൾക്കായി മാറ്റി വയ്ക്കേണ്ട സാഹചര്യത്തിലേയ്ക്ക് നയിക്കുകയും, തൻവർഷ വികസന പ്രവർത്തനങ്ങൾക്ക് വിലങ്ങു തടിയാകുകയും ചെയ്തിട്ടുണ്ട്.

<u>ആവശ്യകത ഉറപ്പാക്കാതെ പദ്ധതികൾ രൂപീകരിക്കുന്നു</u>

സ്പിൽ ഓവർ പദ്ധതികളായി ഉൾപ്പെടുത്തിയവയിൽ 14 പദ്ധതികൾക്ക് തൻവർഷവും ചെലവില്ല. ഇവയുടെ വിശദാംശം പരിശോധിച്ചപ്പോൾ ഏഴോളം പദ്ധതികൾ 2021-22 ലും ഒരു പദ്ധതി 2022-23 ലും ഉപേക്ഷിച്ചതായി കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് പേര് | റിമാർക്സ് |
|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിട അറ്റകുറ്റപ്പണി | 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി യെങ്കിലും ആ വർഷവും ചെലവുണ്ടായില്ല. തുടർന്ന് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ഒഴിവാക്കി. |
| 2 | കുന്നമ്മക്കര ലക്ഷം വീട് വായനശാല | 2021-22 ലെ വാർഷിക പദ്ധതി യിൽ ഉൾപ്പെടുത്താതെ ഒഴിവാക്കി |
| 3 | വാഴയിൽ കുടിവെള്ള പദ്ധതി | |
| 4 | മഹാത്മ ഗ്രന്ഥാലയം അറ്റകുറ്റപണി | |
| 5 | പള്ളിക്കുനി മാപ്പിള എൽ. പി. സ്കൂൾ നടപ്പാത | |
| 6 | ഇത്തിൾകുന്ന് കുടിവെള്ള പദ്ധതി | |
| 7 | സീനിയർ സിറ്റിസൺ റിക്രിയേഷന് ക്ലബ് നിർമ്മാണം | |
| | | |

| | | |
|---|---|---|
| 8 | കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | |

മുകളിൽ കൊടുത്തതിൽ നിന്നും യഥാർത്ഥ ആവശ്യകത പരിഗണിച്ചല്ല വാർഷിക പദ്ധതിയിൽ പ്രോജക്ടുകളായി ഉൾപ്പെടുന്നതെന്ന് വ്യക്തമാകുന്നു. പല പദ്ധതികൾക്കും മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം ലഭ്യമാക്കിയ ശേഷമാണ് പദ്ധതി ഉപേക്ഷിച്ചിരിക്കുന്നതെന്നതും പദ്ധതി നിർവ്വഹണത്തിലെ അലംഭാവമാണ് കാണിക്കുന്നത്.

<u>സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല</u>

ഓഡിറ്റ് വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളായ പലതും മുൻവർഷത്തിലും സ്പിൽ ഓവർ പദ്ധതികളായിരുന്നു. അതായത് ഇവ 2018-19 വർഷത്തിൽ രൂപീകരിച്ചവയാണ്. ഇവ 2019-20 ആദ്യഘട്ടം മുതൽ നിർവ്വഹണം നടത്താമായിരുന്നിട്ടും സമയബന്ധിതമായി നിർവ്വഹണം നടത്തിയിട്ടില്ല. ഇതിനുദാഹരണങ്ങളാണ് വിവിധ അങ്കണവാടികളുടെ അറ്റകുറ്റ പണികൾക്കായി തയ്യാറാക്കിയ പ്രോജക്ട് നമ്പർ 137/21, 138/21, 139/21, 140/21 എന്നിവ. ഈ പദ്ധതികളെല്ലാം 2018-19 വർഷത്തിന്റെ അവസാന ഘട്ടത്തിൽ രൂപീകരിച്ച് 7.3.2019 ന് കരാറിലേർപ്പെട്ടവയാണ്. ഇവയുടെ ബിൽ വിശദാംശം പരിശോധിച്ചാൽ എല്ലാ ബില്ലുകളും 2019-20 വർഷത്തിൽ ക്യൂ ബില്ലാകുകയും തുടർന്ന് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചവയാണെന്നും കാണാം. അതായത് സ്പിൽ ഓവർ പ്രവൃത്തിയായിരുന്നിട്ടു പോലും ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിനായിട്ടില്ല. ഈ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ ശ്രീ. രാജീവൻ. പി. ടി. കെ. എന്ന കരാറുകാരൻ ഏറ്റെടുത്ത പ്രോജക്ട് 139/21, 140/21 എന്നിവ ഒമ്പത് മാസത്തോളം വൈകി 2019 ഡിസംബറിൽ മാത്രമാണ് പ്രവൃത്തി ആരംഭിച്ചത്. മറ്റു രണ്ടു പദ്ധതികൾ ജൂലായ് മാസത്തിൽ ആരംഭിച്ചെങ്കിലും ഒരെണ്ണം (138/21) ആഗസ്റ്റ് മാസത്തിൽ പ്രവൃത്തി നിർത്തി വച്ച് നാലു മാസങ്ങൾ കഴിഞ്ഞ് പുനരാരംഭിക്കുകയും, രണ്ടാമത്തെ പ്രവൃത്തി (137/21) 2019 ഡിസംബറിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടും ബിൽ തുക നൽകാൻ വർഷാവസാനം വരെ കാത്തിരിക്കുകയും ചെയ്യുകയാണുണ്ടായത്.

<u>തൻവർഷ പദ്ധതികളുടെ ടെണ്ടർ വർഷാവസാനത്തിൽ മാത്രം</u>

തൻവർഷം തയ്യാറാക്കിയ പദ്ധതികളുടെ രൂപീകരണ ശേഷമുള്ള നിർവ്വഹണ നടപടികളിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷത്തെ ആദ്യ ടെണ്ടർ നടന്നിരിക്കുന്നത് 8.1.2021 ന് മാത്രമാണെന്ന് കാണാം. അതായത് സാമ്പത്തിക വർഷം അവസാനിക്കാൻ 83 ദിവസം മാത്രം ബാക്കിയുള്ളപ്പോഴാണ് ആദ്യ ടെണ്ടർ നടന്നത്. ഇതിനു ശേഷം നിർവ്വഹണ ഘട്ടത്തിലെത്താൻ വീണ്ടും താമസമുണ്ടാകുകയും ഇത് തൻവർഷത്തെ പദ്ധതികളിൽ

മൂന്നലൊന്ന പദ്ധതികളിലും ചെലവു നടത്താൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കുകയും ചെയ്തു.

മേൽ സാഹചര്യങ്ങളിലൊന്നും നിർവ്വഹണോദ്യോഗസ്ഥനും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്/സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയൊന്നും സാഹചര്യങ്ങൾ വിലയിരുത്തുകയോ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതി രൂപീകരണത്തിലെ പങ്കാളിത്തമൊഴികെ തങ്ങളിൽ നിക്ഷിപ്തമായ മോണിറ്ററിംഗ് ചുമതലകൾ നിർവഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിരുന്നില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിലും ഇതു വ്യക്തമാണ്. തൻവർഷ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭ്യമായ ലക്ഷക്കണക്കിനു രൂപ ഇതുമൂലം മുൻവർഷ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടി വരികയും തൻവർഷത്തിൽ പ്രദേശത്തെ ജനതയ്ക്ക് ലഭ്യമാക്കാമായിരുന്ന സേവനങ്ങൾക്കുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്തു.

മേൽ സാഹചര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്. ഇത്തരം സാഹചര്യങ്ങൾ ഭാവിയിലെങ്കിലും ഒഴിവാക്കുന്ന രീതിയിൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 കൃഷി ഭവനിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നാളിതു വരെ ലഭിച്ചില്ല.

പ്രോജക്ട് - കൃഷി ഭവനിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

പ്രോജക്ട് നമ്പർ - എസ് 0150/20-21

നിർവഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 60,000/- രൂപ (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് )

ചെലവ് - 55,925/- രൂപ – ബിൽ നമ്പർ 5/20-21 തീയതി 11.4.2020

കൃഷി ഭവൻ കംപ്യൂട്ടറൈസേഷന്റെ ഭാഗമായി ഐ. കെ. എം. സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഒരു ഡെസ്ക് ടോപ്പ് കംപ്യൂട്ടറും 1 KVA UPS ഉം സർക്കാർ ഓൺലൈൻ പോർട്ടലായ CPRCS മുഖേന വാങ്ങുന്നതിന് തയ്യാറാക്കിയ പ്രോജക്ട് ആണ് ഇത്. ഈ പ്രോജക്ട് പ്രകാരം കേരളാ സ്റ്റേറ്റ് ഐ. ടി. മിഷന് 11.4.2020 - ന് 55,925/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരമുള്ള കംപ്യൂട്ടറും UPS ഉം ഓഡിറ്റ് തീയതി വരെ കൃഷി ഭവനിൽ ലഭ്യമായിട്ടില്ല. മേൽ പ്രകാരമുള്ള കംപ്യൂട്ടറും UPS ഉം കേരളാ സ്റ്റേറ്റ് ഐ. ടി. മിഷനിൽ നിന്നും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ്

എൻക്വയറി നമ്പർ 10/2020-21 തീയതി 4.6.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രകാരമുള്ള കംപ്യൂട്ടറും UPS ഉം കേരളാ സ്റ്റേറ്റ് ഐ. ടി. മിഷനിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 കേടായ തെങ്ങുകൾ മുറിച്ച് മാറ്റി പകരം തെങ്ങിൻ തൈകൾ നടൽ - ഈടാക്കിയ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല.

പ്രോജക്ട് - കേടായ തെങ്ങുകൾ മുറിച്ച് മാറ്റി പകരം തെങ്ങിൻ തൈകൾ നടൽ

പ്രോജക്ട് നമ്പർ - എസ് 0146/20-21

നിർവഹണോദ്യോഗസ്ഥൻ - കൃഷി ഓഫീസർ

അടങ്കൽ - 3,12,000/- രൂപ ( വികസന ഫണ്ട് - 3,00,000,

ഗുണഭോക്തൃ വിഹിതം - 12,000 )

ചെലവ് - 3,00,000/- രൂപ ( വികസന ഫണ്ട് )

കൃഷി ഓഫീസർ ഓഡിറ്റ് വർഷം നിർവഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം കേടായ 600 തെങ്ങുകൾ മുറിച്ച് മാറ്റി പകരം തെങ്ങിൻ തൈകൾ നടാനായി കർഷകർക്ക് നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഗുണഭോക്താക്കളിൽ നിന്നും പിരിച്ച 12,000 രൂപ ഓഡിറ്റ് തീയതിലും വിനിയോഗിക്കാതെ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ( ഏറാമല സർവീസ് സഹകരണ ബാങ്ക് 102010000334 നമ്പർ അക്കൗണ്ടിൽ) തെങ്ങിൻ തൈകൾ വിതരണം ചെയ്ത മേൽ സ്ഥാപനത്തിന് കൈമാറാതെ ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 17/2020-21 തീയതി 4.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതും ഗുണഭോക്തൃ വിഹിതത്തിന്റെ വിനിയോഗം പൂർത്തിയാക്കേണ്ടതുമാണ്.

## 1-21 കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിതരണ വിവരം ലഭ്യമല്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | എസ് 035/20-21 | സുഫലം - വിഷരഹിത ഫലം | 1,00,000 | 1,00,000 |
| 2 | എസ് 129/20-21 | ജൈവ പച്ചക്കറി കൃഷി - വിത്ത് വിതരണം | 1,86,780 | 1,82,913 |
| 3 | എസ് 148/20-21 | ഗൃഹാങ്കണ പച്ചക്കറി കൃഷി - ഗ്രോ ബാഗിൽ | 3,00,000 | 3,00,000 |
| 4 | എസ് 40/20-21 | ഇടവിള കൃഷി - നടീൽ വസ്തുക്കൾ വിതരണം ചെയ്യൽ | 6,25,200 | 6,25,200 |

മേൽ പ്രോജക്റ്റുകൾ പ്രകാരം വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിതരണ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 16/2020-21 തീയതി 4.6.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്റ്റുകൾ പ്രകാരം വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ - അപാകതകൾ

പ്രോജക്റ്റ് നം. 186/20-21

അടങ്കൽ : 1,50,000/- (വികസന ഫണ്ട് – എസ്.സി.പി)

ചെലവ് : 50,000/- (ബിൽ നം. 7/18.02.2021- 50,000/-)

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതി പ്രകാരം 6-ാം വാർഡിലെ മേഘ കെ. പി എന്ന വിദ്യാർത്ഥിനിക്ക് പഠനമുറി ഒരുക്കാനായി 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 5/02.06.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-23 മെറിറ്റോറിയസ് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയതിലെ അപാകതകൾ

പ്രോജക്റ്റ് നം. 13/20-21 – മെറിറ്റോറിയസ് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ധനസഹായം

അടങ്കൽ : 1,90,000/- (വികസന ഫണ്ട് – എസ്.സി.പി)

ചെലവ് : 1,90,000/- (ബിൽ നം. 4/9.11.2020- 1,40,000/-,

ബിൽ നം. 8/18.02.2021- 50,000/-)

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

പഠന മികവുള്ള പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിനാണ് ഈ പ്രോജക്റ്റ്. പ്രസ്തുത പദ്ധതി പ്രകാരം 7 വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | വാർഡ് | കോഴ്സ് | തുക (രൂപ) |
|---|---|---|---|---|
| 1 | അംഗിത എം. പ്രകാശ് | 4 | എം.ബി.എ ഒന്നാം സെമസ്റ്റർ | 30,000 |
| 2 | ജിഷ്ണു പി. കെ | 7 | ബി.കോം മൂന്നാം വർഷം | 20,000 |
| 3 | നിസ്തുല എ. കെ | 19 | പോസ്റ്റ് ബേസിക് നഴ്സിംഗ് രണ്ടാം വർഷം | 20,000 |
| 4 | നിഖിൽ ചന്ദ്രൻ എം. കെ | 15 | പി.എച്ച്.ഡി | 50,000 |

| | | | | |
|---|---|---|---|---|
| 5 | ആതിര ടി. കെ | 2 | ബി.എസ്.സി രണ്ടാം വർഷം | 20,000 |
| 6 | തീർത്ഥ എം. | 1 | ഇൻസ്ട്രുമെന്റേഷൻ എൻജിനിയറിംഗ് | 25,000 |
| 7 | അശ്വിൻ പി. | 3 | മെക്കാനിക്കൽ എഞ്ചിനീയറിംഗ് | 25,000 |
| **ആകെ** | | | | **1,90,000** |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ മേൽ പട്ടിക ക്രമ നം. 2- ജിഷ്ണ പി. കെ, ക്രമ നം. 5- ആതിര ടി. കെ എന്നിവർ പ്രൊഫഷണൽ വിദ്യാർത്ഥികൾ അല്ല.

2. പ്രോജക്ട് നം. 36/19-20 സ്പിൽ ഓവറാക്കി തൻവർഷം നടപ്പാക്കിയ പ്രോജക്ട് നം. 151/20-21 പ്രകാരം വികസന ഫണ്ട് (എസ്.സി.പി)- ൽ നിന്നും 1,05,000/- രൂപ ചെലവഴിച്ച് മേൽ പട്ടികയിലെ നിഖിൽ ചന്ദ്രൻ, അശ്വിൻ പി, 16-ാം വാർഡിലെ അക്ഷയ സുധീഷ് എന്നീ വിദ്യാർത്ഥികൾക്ക് ഇതേ ആവശ്യത്തിന് ധനസഹായം നൽകിയതായി ഐ.കെ.എം ചെലവ് പത്രിക, TR59(E) ബിൽ, ക്യാഷ് ബുക്ക്, കൈപ്പറ്റ് രശീതി എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് നിഖിൽ ചന്ദ്രൻ, അശ്വിൻ പി. എന്നിവർക്ക് രണ്ട് പ്രാവശ്യം ഒരേ ആവശ്യത്തിന് ആനുകൂല്യം നൽകിയിരിക്കുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4/02.06.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾ വിശദീകരിക്കപ്പെടേണ്ടതാണ്.

**1-24 പത്താം തരം തുല്യതാ കോഴ്സ് ഫീ അടവാക്കൽ - അപാകതകൾ**

പ്രോജക്ട് നം. 49/20-21 – പത്താം തരം തുല്യതാ കോഴ്സ് ഫീ അടവാക്കൽ

അടങ്കൽ : 36,000/- (തനത് ഫണ്ട്)

ചെലവ് : 19,500/- (ചെക്ക് നം. ഇ.എസ്.സി.ബി.312886/29.03.2021)

നിർവ്വഹണം : സെക്രട്ടറി

കോഴിക്കോട് ജില്ലാ സാക്ഷരതാ മിഷന്റെ കത്ത് നം. DLMKOZ/PROJECT 10TH/30, തീയതി 23.03.2021 പ്രകാരം പത്താം തരം തുല്യതാ കോഴ്സിൽ രജിസ്ട്രേഷൻ നടത്തിയ 13 പഠിതാക്കൾക്ക് ആളൊന്നിന് 1,500/- രൂപ നിരക്കിൽ ആകെ 19,500/- രൂപ അടവാക്കുന്നതിനാണ് പ്രോജക്റ്റ്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ജില്ലാ സാക്ഷരതാ മിഷന് തുക കൈമാറിയതിന്റെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. തുക കൈമാറിയതല്ലാതെ, ഇതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഒന്നും ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 03/31.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും തുടർ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ടും ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-25 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സ്റ്റോക്ക് എൻട്രി വിവരങ്ങൾ ലഭ്യമല്ല

പ്രോജക്റ്റ് നം. 239/20-21 – പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ : 10,584/- (തനത് ഫണ്ട്)

ചെലവ് : 10,584/- (ചെക്ക് നം. ESCB312815/24.02.21)

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്ത് ഓഫീസിലേക്ക് 2 കമ്പ്യൂട്ടർ മോണിട്ടറുകൾ (18.5”) വാങ്ങുന്നതിലേക്കാണ് പ്രോജക്റ്റ്. തനത്ഫണ്ടിൽ നിന്നും 10,584/- രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇൻവോയിസ് നം. സി.എൽ.റ്റി/10584/20-21, തീയതി 26.02.2021 പ്രകാരം കെൽട്രോൺ ആണ് സാധനം സപ്ലൈ ചെയ്തിട്ടുള്ളത്. എന്നാൽ ബന്ധപ്പെട്ട പഞ്ചായത്ത് ഭരണസമിതി തീരുമാനം, സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിവരം എന്നിവ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

ആയതിന് വിശദീകരണം സമർപ്പിക്കുന്നതിനോടൊപ്പം രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 1/31.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/ തിയ്യതി |
|---|---|---|
| 2020-21 | 31.05.2022 മുതൽ 01.06.2022 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1220000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 1220000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 175000 | നെൽ കൃഷി കൂലി ചെലവ് | 175000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 119675 | അങ്കണവാടി ശിശു സൗഹൃദ പെയിന്റിംഗ് | 119675 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | ഭിന്നശോഷി സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1635746 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 1635746 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 20000 | സുഫലം വിഷ രഹിത ഫലം | 20000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 450000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 450000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 12000 | പച്ചക്കറി കൃഷി കൂലി ചെലവ് | 12000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 57000 | നെൽ കൃഷി കൂലി ചെലവ് | 57000 | 0 |

**4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.**

ഇല്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ, വായ്പ തിരിച്ചടവ്.**

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം | വർഷാരംഭത്തിൽ തിരിച്ച | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചട |
|---|---|---|---|---|---|

| | | എടുത്ത വായ്പ | ടയ്യാൻ ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | യ്യാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| മത്സ്യ മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | സ. ഉ – 2830/2014 ത.സ്വ.ഭ.വ 31/10/2014 | 0 | 6156892 | 1332792 | 573569 | 4824100 |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം. എസ്) 68/2018. ത.സ്വ.ഭ.വ തീയതി – 18/08/2018 | 0 | 11446590 | 1024001 | 0 | 10422589 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3412566 |
| തൻവർഷം നിക്ഷേപിച്ച തുക | 257180 |
| ആകെ | 3669746 |
| തൻവർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3669746 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിശദവിവരം

| നിക്ഷേപത്തിന്റെ വിവരം | |
|---|---|
| 100181806120056 KDC BANK | 350650 |

| | |
|---|---|
| 100181806120057 KDC BANK | 2418508 |
| 100181806120058 KDC BANK | 367194 |
| 103010102415 Eramala Serivice Co-Op Bank | 533394 |
| ആകെ | 3669746 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 50,733/- രൂപ വരവുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2012-13 | ലഭ്യമല്ല | 50,733 | ശ്രീ. സജീഷ് കെ. കെ. (കോൺട്രാക്ടർ) | 120030100377 തീയതി 09/06/2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഏറാമല ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട

ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 7 | 2004-05 | 11.4.1 | തൊഴിൽ പരിശീലന പദ്ധതികൾ പരാജയപ്പെട്ടു | |
| 2000-01 (ഡി.സി.ബി) | ഭാഗം 1 | 2005-06 | 2.70.1.6.3 | ബജറ്റ് തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലും വീഴ്ച | |
| 2000-01 | 3-8 | 2005-06 | 2.70.1.9.12 | കർഷകതൊഴിലാളി പെൻഷൻ | ഒഴിവാക്കാൻ ശുപാർശ |
| 2000-01 | ഭാഗം 1 | 2005-06 | 2.70.1.11.12 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | ഒഴിവാക്കാൻ ശുപാർശ |
| 2000-01 | 2-2 | 2005-06 | 2.70.1.11.12 | മുദ്രപത്രത്തിൽ കരാർ ചമയ്ക്കാതെ മുറി വാടകയ്ക്കു നൽകി | ഒഴിവാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| 2000-01 | | 2005-06 | 2.70.1.14.21 | നികുതി പിരിക്കുന്നതിൽ അലംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2009-10 | 3-9 | 2012-13 | 4.7.1 | ആസൂത്രണത്തിലെ പിഴവ് – കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നിലച്ചു | നിർമ്മാണം പൂർത്തിയാക്കിയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ശുപാർശ |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81727058 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83139084 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും,പേരും ഉദ്യോഗപ്പേരും**

ഇല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷി | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|---|

| | | | |
|---|---|---|---|
| | വിവരം | ക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകൾ |
| 1998-99 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(1) തീ- 01.12.2020 | 1 | 43 |
| 1999-00 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(2) തീ- 01.12.2020 | 2 | 5,7 |
| 1999-00 (വരവ്) | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(3) തീ- 01.12.2020 | 1 | 27 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി5/1347/15 തീ-04.08.15 | 5 | 5, 6(1), (2), 7(1), 7(2) |
| 2001-02 (പ്ലാൻ ഒഴികെ) | കെ.എസ്.എ.കെ.കെ.ഡി.പി5/135/15 തീ.27.04.17 | 2 | 2-3, 3-2 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(5) തീ- 01.12.2020 | 2 | 7, 9 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(6) തീ- 01.12.2020 | 3 | 3-2,3-7,3-8 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(7) തീ- 01.12.2020 | 4 | 3-1, 3-2, 3-3, 3-4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/1151/ 07തീ-27.9.08 | 8 | 3-1, 3-2, 3-3, 3-4,<br>3-5,<br>3-6, 3-8, 3-9 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(8) തീ- 01.12.2020 | 8 | 3-7, 3-8, 3-9, 3-10,<br>3-11,<br>3-12, 3-13, 3-14 |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(9) തീ- 01.12.2020 | 17 | 2-2, 2-4, 2-5, 2-6,<br>3-1, 3-11,<br>3-12, 3-13, 3-14,<br>3-15, 3-16,<br>3-17, 3-18, 3-19,<br>3-20, 3-22, 3-23 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(10) തീ- 01.12.2020 | 11 | 2-1, 2-3, 3-1, 3-3,<br>3-5, 3-6,<br>3-9, 3-16, 3-21,<br>3-22, 4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(11) തീ- 01.12.2020 | 11 | 2-1,3-2,3-6,3-9,<br>3-10,3-11,3-12,<br>3-13,3-14,3-15,<br>4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(12) തീ- 01.12.2020 | 10 | 2-6, 3-4, 3-5,<br>3-6,3-7,<br>3-8(2,3),3-9,<br>3-14, 3-15, 3-19 |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(13) തീ- 01.12.2020 | 13 | 3-1, 3-2, 3-3, 3-4,<br>3-5, 3-6,3-7,3-8,<br>3-9, 3-14, 3-20,<br>3-21, 3-23 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(14) തീ- 01.12.2020 | 3 | 3-8, 3-10, 3-13 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി3/ 1146/2021 തീ- 01.12.2021 | 13 | 2-2, 2-3, 2-4, 3-1,<br>3-2(1), (2), (4),<br>3-4(1), (2), (3), |

| | | | |
|---|---|---|---|
| | | | 3-5,<br>3-6, 3-9,3-10, 3-11, 4-2,4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി5/2017/16 തീ-01.06.17 | 16 | 2-1, 2-2, 2-3, 2-4, 2-5,<br>2-6, 2-7,2-8, 2-9, 3-1, 3-2, 3-3(1), 3-3(2), 3-4, 3-5, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി9/1626/2019(15) തീ- 01.12.2020 | 21 | 2-1,2-2,2-3(3),2-4,<br>2-6,2-7,<br>2-8,2-9,2-10, 3-2,<br>3-5,3-6, 3-7, 3-8,<br>3-11, 3-12,<br>3-13,3-14, 3-15, 3-16(1), 3-16(2) |
| 2017 – 18 | കെ.എസ്.എ.കെ.കെ.ഡി/ പി5/41/2019 തീ- 03.07.2019 | 15 | 1-12, 2-1, 2-2, 2-3,<br>2-4(1,4,5,6,7),<br>3-1,3-2,3-3,3-4,<br>3-5,3-6,<br>3-7,3-8,3-10,4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/ പി9/872/2020 തീ- 18.09.2020 | 28 | 1-5,1-6,1-7,1-8,<br>1-9,1-10,<br>1-11,1-12,1-13,<br>1-14,1-15,<br>1-16,1-17,1-18,1-19, |

| | | | |
|---|---|---|---|
| | | | 1-20,1-21,1-22,<br>1-23,1-24,1-25,<br>1-26,1-27,1-28,1-29,<br>1-30,1-31,1-32 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/ പി3/423/2022 തീ- 08-03-2022 | 1-1 മുതൽ 1-40 വരെ | മുഴവൻ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്